# Malayala Manorama
# 24 August 2018
# After Flood,Flood Relief

## കേരളത്തിന് പാക്കിസ്ഥാന്റെ സഹായ വാഗ്ദാനം

ഇസ്ലാമാബാദ് ● കേരളത്തിലെ പ്രളയക്കെടുതി ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി വിദേശധനസഹായം വേണ്ടെന്ന കേന്ദ്ര നിലപാടു തുടരുമ്പോൾ, സംസ്ഥാനത്തിനു ജീവകാരുണ്യ സഹായം നൽകാൻ തയാറാണെന്നു പാക്കിസ്ഥാൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന്റെ പ്രഖ്യാപനം. കേരളത്തിനാവശ്യമായ ഏതു ജീവകാരുണ്യ പിന്തുണയ്ക്കും പാക്കിസ്ഥാൻ തയാറാണെന്നാണ് ഇമ്രാൻ ട്വീറ്റ് ചെയ്തത്.

## വെള്ളപ്പൊക്കം: പുതിയ പുസ്തകം നൽകും

സംസ്ഥാനത്തു മഴയിലും വെള്ളപ്പൊക്കത്തിലും പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട ഹയർ സെക്കൻഡറി വിദ്യാർഥികൾക്ക് അടിയന്തരമായി പുതിയ പാഠപുസ്തകങ്ങൾ നൽകുമെന്നു ഹയർ സെക്കൻഡറി ഡയറക്ടർ അറിയിച്ചു. വിദ്യാർഥികൾ നഷ്ടപ്പെട്ട പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ 31ന് അകം സ്കൂൾ പ്രിൻസിപ്പൽമാരെ അറിയിക്കണം. വിശദാംശങ്ങൾ പ്രിൻസിപ്പൽമാർ മൂന്നിനു വൈകിട്ട് മൂന്നിനകം ഹയർ സെക്കൻഡറി പാഠപുസ്തക ഇന്റന്റിങ്പോർട്ടലായwww.dhseonline.inലൂടെ സമർപ്പിക്കണം. ഇതു സംബന്ധിച്ച വിശദാംശങ്ങൾ dhse പോർട്ടലിൽ 23 ലെ സർക്കുലറിൽ ലഭിക്കും.

## യാനങ്ങളുടെ അറ്റകുറ്റപ്പണിക്ക് രണ്ടരക്കോടി

തിരുവനന്തപുരം ● വെള്ളപ്പൊക്കത്തിൽ രക്ഷാപ്രവർത്തനം നടത്തിയ മൽസ്യത്തൊഴിലാളികളുടെ യാനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പുതിയവ വാങ്ങുന്നതിനുമായി രണ്ടരക്കോടിരൂപയുടെ പദ്ധതി നടപ്പാക്കുമെന്നു മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ.

669 വള്ളങ്ങളിൽ ഏഴെണ്ണം പൂർണമായി നശിച്ചു. 459 വള്ളങ്ങൾക്കു കേ